# Mahmud's Aameen




## HAZRAT MIRZA GHULAM AHMAD

*Malayalam Version : Dr. Haseena M. Fazil*

بسم الله الرحمن الرحيم

# അവതാരിക

വാഗ്ദത്ത മസീഹും മഹ്ദിയുമായ ഹസ്രത് മിർസാഗുലാം അഹ്മദ് (അ) ഉറുദുവിൽ രചിച്ച "**മഹ്മൂദ് കി ആമീൻ**" എന്ന കവിതയുടെ മലയാള പരിഭാഷ, കേരള ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ ആഭിമുഖ്യത്തിൽ മലയാളം വായനക്കാർക്കായി സമർപ്പിക്കുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്.

കേരള ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ വനിതാവിഭാഗമായ (സിറാജ്മാക്കിൻ) സംസ്ഥാന അദ്ധ്യക്ഷ **ഡോ. ഹസീന എം. ഫസിൽ സാഹിബയാണ്** ഇതിന്റെ മലയാള പരിഭാഷ നിർവഹിച്ചത്.

ദൈവത്തിന്റെ ഒരു വീനിതദാസൻ തന്റെ സന്താനങ്ങൾക്കായി നടത്തുന്ന അർത്ഥനകളാണ് ഇതിൽ പ്രധാനമായും അടങ്ങിയിരിക്കുന്നത്. ഓരോ ദൈവഭക്തനും, ദൈവഭക്തയും തങ്ങളുടെ മക്കൾക്കായി ദൈവീകസമക്ഷം സമർപ്പിക്കാവുന്ന ഉദാത്തമായ അർത്ഥനകൾ നമ്മെ ദൈവവുമായി കൂടുതൽ ചേർത്തു നിർത്തുമെന്നതിൽ സംശയമില്ല.

മാനവകുലത്തിനായി ദൈവീകാനുഗ്രഹങ്ങൾ നേർന്നു കൊണ്ട് മലയാളം വായനക്കാർക്കായി സവിനയം സമർപ്പിക്കുന്നു.

വീനിത സഹോദരൻ : R. Jamaludin Raother
Amir - Jamaat Ul Sahih Al Islam (Reg. No. A693/2010)
Kerala, India.

# മഹ്മൂദ് കി ആമീൻ"

സകലസ്തുതിയും അവനല്ലോ
എന്നെന്നും നിലനിൽക്കുന്നവൻ
അതുല്യൻ പങ്കുകാരില്ലാത്തവൻ

അവൻ മാത്രം ശാശ്വതം!
മറ്റേതും നശ്വരം
അവനെയല്ലാതെ മറ്റെന്തിനെ സ്നേഹിച്ചീടിലും
അതു വെറും പാഴ്ക്കഥയായിടുന്നു.....
വ്യർത്ഥമായ് തീരുന്നു......

എൻ ഹൃദയത്തിൽ സ്നേഹം അവൻ മാത്രമല്ലോ,
അവനു മാത്രമല്ലോ
മറ്റേവരും എനിയ്ക്കപരന്മാർ!

എന്നുമെന്നെ നിരീക്ഷിച്ചീടുന്നവൻ
പരിശുദ്ധൻ ഈ വരികളെൻ ഹൃത്തിൽ
സുവ്യക്തം, സുദൃഢം, സുലിഖിതം!

പരിശുദ്ധനാണവൻ പരിശുദ്ധ ശക്തിയാണവനിലേത്....
യാഥാർത്ഥ മഹത്വം അവന്റേതു മാത്രം!
അവനോടടുക്കുമേവരും നടുങ്ങി വിറച്ചീടുന്നു...
ഭയനിമഗ്നരായിടുന്നു മാലാഖമാർ

സാർവത്രികമല്ലോ അവൻ തൻ കാരുണ്യം!
അവൻ ചൊരിയും അനുഗ്രഹങ്ങൾക്ക്
എങ്ങനെ നന്ദി കാണിച്ചിടേണ്ടു ഞാൻ!
നാമേവരും അവൻ തൻ സൃഷ്ടിയല്ലോ

അതിനാൽ സ്നേഹിച്ചീടുക നിങ്ങൾ
അവനെ നിശ്ചയം!

അവനൊഴികെ മറ്റാരെ സ്നേഹിച്ചീടിലും
അതവൻ പെരുമയ്ക്ക് അസഹിഷ്ണം
അനുഗ്രഹ സുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തു നിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ

നമ്മുടെ സുഖങ്ങളെല്ലാം അവന്റെ
അനുഗ്രഹങ്ങൾ! അവന്റെ അത്യുദാരത!
എൻ ഹൃത്തം നിറയെ അവനോടുള്ള കൂറു മാത്രം!
ഭക്തി ബന്ധം മാത്രം! അനുസരണം മാത്രം............
അവൻ മഹത്വമെൻ ഹൃത്തിൽ
ചിരകാലം രൂഢമൂലം!

അവനെ അനുസരിച്ചീടുന്നതല്ലോ ഏറ്റവും മെച്ചം
സർവ്വമഹാഭാഗ്യങ്ങളും അതിൽ നിന്നത്രേ കരഗതം!
അനുഗ്രഹ സുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തു നിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ

എൻ പ്രഭുവേ! ഇതു നിൻ അനുഗ്രഹമത്രേ
ഞാൻ നിൻ അൾത്താരയിൽ ബലിയായിടട്ടെ....
അങ്ങാണെൻ പ്രഭുവേ ഞങ്ങളിൽ വിശ്വാസം നിറച്ചവൻ
അങ്ങാണ്, അങ്ങു മാത്രമാണ് ഏതു നേരവും
ഞങ്ങൾക്കു സംരക്ഷകൻ

അനുനിമിഷം നിൻ പ്രഭയാൽ ഞങ്ങൾ അനുഗ്രഹീതർ
പരമകാരുണികൻ! കരുണാമയൻ! പ്രഭാപൂരിതൻ!

അനുഗ്രഹ സുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തു നിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ

എത്ര നന്ദി പറഞ്ഞിട്ടും മതിയാവുന്നില്ലെനിക്ക്
എനിയ്ക്കുള്ളതെല്ലാം നിന്റേതുമാത്രം, നിന്റേതുമാത്രം!
ചെറുതെന്നല്ല വലുതെന്നല്ല
അനുഗ്രഹങ്ങളേറെയാൽ
നിറച്ചിരിക്കുന്നു നീയെൻ ഗൃഹം!

നിൻ പ്രകാശം വരവേ എല്ലാ
തിമിരമറയും നീങ്ങിമാറി
അനുഗ്രഹസുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തുനിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ

നീയാണു നീ മാത്രമാണ് ഇന്നീ സുദിനം പുലർത്തിയത്
വിശുദ്ധഖുർആൻ പൂർത്തിയാക്കിയെൻ മഹ്മൂദ്
വീടണഞ്ഞു.... അങ്ങുതൻ അനുഗ്രഹം
അങ്ങുതൻ കനിവ് തിരിച്ചറിഞ്ഞിട്ടെൻ ഹൃദയം,
നിൻ സ്തുതി പാടുന്നതിൽ മുഴുകീടുന്നു.....

എൻ പ്രഭുവേ നൂറുനൂറു നന്ദി ഞാൻ
ചൊല്ലീടുന്നു.... കടപ്പെട്ടിരിയ്ക്കുന്നു നിന്നോടു ഞാൻ
അനുഗ്രഹ സുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തു നിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ

എന്നെ നിലനിർത്തുന്നവനേ എങ്ങനെ ഞാൻ
നിന്നോടു മതിയാവോളം നന്ദി പറഞ്ഞിടേണ്ടൂ?
നിൻ സേവകരായി മൂന്നു സദ്പുത്രന്മാരെ
എനിയ്ക്കു നൽകിയതും നീ തന്നെയല്ലോ!

ഞാനെന്നുമെപ്പോഴും നിന്റേതു മാത്രം
നീയാണെൻ മഹാപ്രഭു
അനുഗ്രഹ സുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തു നിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ

വിശുദ്ധഖുർആൻ പൂർത്തിയാക്കിയെൻ മഹ്മൂദിന്ന്
ഇതോടെയെൻ ഹൃദയാഭിലാഷങ്ങളെല്ലാം പൂർത്തിയായ്
നീയാണെനിയ്ക്കീ സുദിനം കാട്ടിത്തന്നത്
നിൻപ്രസന്നതയ്ക്കായ് ഞാൻ ത്യാഗിയായിടട്ടെ

ദയാലുവാമെൻ പ്രഭുവേ, എങ്ങനെയെൻ കൃതജ്ഞത
പ്രകടമാക്കേണ്ട ഞാൻ, നീ ചൊരിഞ്ഞ
ഈ അനുഗ്രഹത്തിന്നായ്...............
അനുഗ്രഹ സുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തു നിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ

ഇതെല്ലാമെല്ലാം നിൻ അനുഗ്രഹവായ്പുകൾ
നീ തന്നെയല്ലോ സമ്പൂർണ്ണ കാരുണ്യം
എപ്രകാരം നിന്നെ വാഴ്ത്തിടേണ്ടു
ഒരു തൂലികയ്ക്കുമതിനാവില്ല നിശ്ചയം

എന്നവസാനശ്വാസം വരേയും ഞാൻ
എന്നുമെപ്പോഴും നിന്റേതു മാത്രം...
അനുഗ്രഹ സുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തു നിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ

പരമശക്തനും പ്രതാപവാനുമായ അല്ലയോ നാഥാ
ഞങ്ങളെ ദൗർഭാഗ്യങ്ങളിൽ നിന്നും രക്ഷിച്ചീടേണമേ
ഞങ്ങൾ നിൻ ഉമ്മറപ്പടിയിൽ വന്നു നിൽക്കുന്നു..
നാമേവരും നിന്നിൽ വിശ്വാസമർപ്പിച്ചിരിയ്ക്കുന്നു നിശ്ചയം
എന്നുമുതൽ ഞാൻ നിന്നെയറിഞ്ഞു തുടങ്ങിയോ
അന്നുമുതൽ എൻ ഹൃത്തിൽ നീ മാത്രം, നീ മാത്രം....
മറ്റൊന്നിലേക്കും ആരിലേക്കും ഒന്നിനുമായെൻ ഹൃദയം
തിരിഞ്ഞു പോകുന്നില്ല അതിനു കഴിയുന്നുമില്ല...
അനുഗ്രഹ സുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തുനിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ

എൻ സ്നേഹമേ, ഒരു നിമിഷത്തേക്കു പോലും
ഈ വിനീതനും നീയുമായൊരകലം വന്നു പോകരുതേ
നിന്നരികിൽ മൃത്യു വരിച്ചീടുന്നതല്ലോ നിന്നഭാവത്തിൽ
ജീവിക്കുന്നതിനേക്കാൾ എന്തുകൊണ്ടും മഹത്തരം!

നിന്നഭാവത്തിൽ എന്തുതന്നെ സന്തോഷം വരുകിലും
അതിലെനിക്കാഹ്ളാദമില്ല..........
നിന്നരുകിൽ നിനക്കുവേണ്ടി യാതന അനുഭവിക്കുന്നവരല്ലോ
നീയില്ലാത്തരുണത്തിൽ വരും ആഹ്ളാദത്തേക്കാൾ
എന്തുകൊണ്ടും മഹത്തരം
അനുഗ്രഹ സുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തു നിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ

നീയല്ലോ എൻ പ്രവൃത്തികളെല്ലാം പൂർത്തിയാക്കി-
തന്നവൻ, എനിയ്ക്കു നീ പുത്രന്മാരെയും തന്നനു-
ഗ്രഹിച്ചു, എനിയ്ക്കിന്നുള്ളതൊന്നും ഞാൻ

സ്വന്തമായ് നേടിയതല്ല, എല്ലാമെല്ലാം നിൻ
ഉപഹാരങ്ങൾ തന്നെ നിശ്ചയം.......
ആഹ്ളാദസുരഭിലമാകുമീ സുദിനങ്ങൾ എനിയ്ക്കായ്
പുലർത്തിയത് എൻ സ്നേഹമേ നീ തന്നെയല്ലോ
അനുഗ്രഹ സുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തുനിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ...

അടിയന്റെയീ മൂന്നാൺമക്കളും അങ്ങെനിയ്ക്ക്
അനുഗ്രഹവർഷമായ്തന്ന ഫലങ്ങളത്രേ.....
അനുഗ്രഹിയ്ക്കപ്പെട്ട സമ്പത്താണവരെനിക്ക്.....
അവരെന്നും നിൻ സേവകന്മാർ
നിൻ വിളിയ്ക്കടിയാളന്മാർ (ഗുലാം....എ.....ദർർ)......

തീർച്ചയായും നീ നിൻ വാഗ്ദത്തങ്ങൾ നിറവേറ്റിടുന്നു
നിന്നെ നിഷേധിച്ചിടുന്നവരോ? അവരെ
മഷിമാത്രയ്ക്കു പോലും കാണാനുമില്ല കേൾക്കാനുമില്ല
അനുഗ്രഹ സുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തുനിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ

നീയെൻ മക്കളെ സൗഭാഗ്യങ്ങൾ കൊണ്ടനുഗ്രഹിയ്ക്കണമേ,
അവരിൽ സത്യവിശ്വാസം നിറയ്ക്കേണമേ,
അവർക്കു സത്സമ്പത്തു നൽകിടേണമേ,
നീ തന്നെ അവരെ സംരക്ഷിച്ചീടേണമേ
നിൻ കാരുണ്യത്താൽ അവരെ പൊതിഞ്ഞീടേണമേ
നീതിയേകേണമവർക്ക് നേർമാർഗ്ഗത്തിൽ നയിച്ചീടേണം
ദീർഘായുസ്സും ബഹുമതിയും നൽകി അനുഗ്രഹിച്ചീടേണം
അനുഗ്രഹസുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തുനിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ

അടിയനുപജീവനം നൽകും നാഥാ!
എന്നെ നിലനിർത്തുന്നവനേ! സൗഭാഗ്യം അവരിൽ
പുഞ്ചിരി തൂകിടട്ടെ....എൻ മക്കൾ മൂവരും
ഏറ്റവും ഉന്നതസ്ഥാനങ്ങളിൽ എത്തിടട്ടെ......
അവരിൽ നീ മഹത്വം വർഷിച്ചീടേണമേ......
നേതൃത്വം വഹിയ്ക്കാനുള്ള നല്ല കഴിവു നീ
ചൊരിഞ്ഞീടേണമേ.............

നീയാണു ഞങ്ങൾ തൻ വഴികാട്ടി
നിനക്കു സമനായ് ആരും തന്നെയില്ല നിശ്ചയം!
അനുഗ്രഹസുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തു നിരീക്ഷിച്ചീടുന്നവൻ പരമ പരിശുദ്ധൻ...
ശയ്ത്വാൻ അവർക്കരുകിൽ വരാതിരിയ്ക്കട്ടെ
എല്ലായ്പ്പോഴുമവർ നിൻ സവിധത്തിലായിരിക്കേണം
അവർ തന്നുയിരിൽ പ്രകാശം നിറഞ്ഞീടേണം
ചിത്തമാഹ്ളാദപൂരിതമായിടേണം
അടിയൻ തൻ ജീവിതം അങ്ങേയ്ക്കു ബലിയായിടട്ടെ
എൻ മക്കളോടു കരുണായുണ്ടാകേണമേ
അനുഗ്രഹ സുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തുനിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ...

എൻ പ്രിയ സ്രഷ്ടാവേ, എന്റെ എല്ലാ
പ്രാർത്ഥനകൾക്കും ഉത്തരമേകീടേണമേ
അടിയനെ അങ്ങുതൻ അൾത്താരയിൽ
ബലിയായിടാൻ അനുവദിച്ചാലും
നിശ്ചയമായും ഞങ്ങളെ അങ്ങു
സഹായിച്ചീടേണമേ, തുണായായിരിക്കണമേ.....

അങ്ങയിലേക്കുള്ള പ്രവേശന കവാടത്തിൽ
ഞങ്ങൾ എത്തിയിരിക്കുന്നു
മഹത്തായ പ്രതീക്ഷകളോടെ
അനുഗ്രഹ സുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തുനിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ...

എൻ പ്രിയമകൻ മഹ്മൂദ് അങ്ങുതൻ സേവകനത്രേ
അവനു ദീർഘായുസ്സും സമ്പത്തും
നൽകിയനുഗ്രഹിച്ചാലും
എല്ലാത്തരം അന്ധകാരങ്ങളും അവനിൽ നിന്ന്
എടുത്തു മാറ്റീടേണമേ...............
എല്ലാ ഓരോ ദിനങ്ങളും അവൻ തൻ
അഭിലാഷങ്ങൾ സഫലമാക്കുന്നതിനു
മുന്നോടിയായിടട്ടെ...... എല്ലാ പ്രഭാതങ്ങളും
അവനിൽ പൂർണ്ണ പ്രകാശത്തോടെ പുലർന്നിടട്ടേ
അനുഗ്രഹ  സുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തിനിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ...

മഹ്മൂദിനു രണ്ടു സഹോദരങ്ങൾ അവരും
സന്തുഷ്ടരായിരിയ്ക്കട്ടേ...... ഒരുവൻ നിൻ
ബഷീർ അഹ്മദ് ....... ഇളയവൻ നിൻ ഷരീഫ്
ഇവർ മൂവരേയും നിൻ പ്രഭയാൽ അനുഗ്രഹിച്ചീടേണം
മൂവർക്കും സമമായ് നിൻ കാരുണ്യാഭിഷേകം നൽകിടേണം
അനുഗ്രഹ സുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തു നിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ

ഇവർ മൂവരും നിൻ സേവകന്മാർ
അശുദ്ധരായ് പോകുന്നതിൽ നിന്നും
അവരെ സംരക്ഷിച്ചീടേണമേ
എൻ പ്രിയ പ്രഭുവേ! എല്ലാവിധ ലൗകികാസക്തികളിൽ
നിന്നും അവരെ മുക്തരാക്കേണമേ
അതിലേക്കു തിരിക്കുന്നതൊന്നും
അവരെ ബാധിക്കരുതേ............

അവരേതു നേരവും സുരക്ഷിതരും
സമാധാനചിത്തരും ആയിരിക്കേണമേ
അവർ ഇടത്തരക്കാരായാൽ പോരാ....
എല്ലാ മേഖലയിലും ഉന്നതനിലവാരം കാട്ടിടേണം....
അനുഗ്രഹസുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തുനിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ...

ഓ, എൻ ഹൃദയത്തിൻ സ്നേഹമേ!
ഞങ്ങൾ തൻ അഭ്യുദയകാംക്ഷിയാണു നീ
അവർ തൻ നാമങ്ങൾ തിളങ്ങീടേണം താരങ്ങളേപ്പോൽ
എൻ മക്കൾ മൂവരും സൽഗുണസമ്പന്നരായിടേണം,
ഈയൊരനുഗ്രഹം എനിയ്ക്കു നീ നൽകിടേണം നിശ്ചയം
അനുഗ്രഹ സുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തു നിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ....

സത്കാര്യങ്ങളിൽ അതുല്യരായിടേണമെൻ മക്കൾ
നൽകിടേണം നിശ്ചയം എനിയ്ക്കു നീയിഅനുഗ്രഹം

ശാശ്വത സൗഭാഗ്യം നൽകി അനുഗ്രഹിച്ചീടേണം
അങ്ങവരെ.... സ്വർഗ്ഗീയ പ്രഭയും കൃപയും

അവരിൽ വർഷിച്ചീടേണം
അനുഗ്രഹ സുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തു നിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ...

ഓ! എൻ പ്രിയസൃഷ്ടാവേ! എൻ പ്രാർത്ഥനയ്ക്കെല്ലാം
ഉത്തരമേകിയാലും, സ്വീകരിച്ചാലുമെന്നർത്ഥന...
എൻ മക്കളോടങ്ങ് കരുണയുള്ളവനായീടേണം
അടിയൻ അങ്ങുതൻ തിരുമുഖത്തിൽ ബലിയായിടട്ടെ...

എൻ രോദനം നീ കേട്ടീടേണം നിശ്ചയം
എൻ മക്കളെ നീ സംരക്ഷിച്ചീടേണം
അനുഗ്രഹസുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തു നിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ...

അല്ലെയോ ലോകസ്രഷ്ടാവേ! നീ ഏകൻ
നീ അദ്വിതീയൻ!
എൻ പ്രാർത്ഥനകൾക്കുത്തരമേകേണമേ
ഫലം നൽകേണമേ.... നിന്നടിയാളന്റെയീ
സമർപ്പണം സ്വീകരിച്ചീടേണമേ...

എൻ മക്കൾ മൂവരേയും വിശ്വസിച്ചേൽപ്പിച്ചീടുന്നു
അങ്ങയെ ഞാൻ, അവരെ വിശ്വാസത്തിൻ
ശോഭ വിതറീടും പൂർണ്ണചന്ദ്രന്മാരാക്കീടേണം
അനുഗ്രഹസുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തുനിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ...

ചില പരിഭ്രമങ്ങളാൽ അതിവേദനയിലാണെൻ
ഹൃദയം, എന്നാത്മാവോ നോവിന്റെ
യാതനയിലേക്കടുത്തു കൊണ്ടിരിക്കുന്നു...
ഉണ്ടായിരുന്ന സഹനശക്തിയെല്ലാം
എനിയ്ക്കിപ്പോൾ നഷ്ടമായിരിക്കുന്നു.

സങ്കടങ്ങൾ ഇനിയേതും വരാതെ കാത്തീടേണമേ.....
നീ തന്നെയല്ലോ സകല ലോകങ്ങൾക്കും അധിപൻ
അനുഗ്രഹസുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തു നിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ...

ഞങ്ങൾക്കഭിവൃദ്ധിയേകിടേണമേ, നിൻ പ്രഭയും
പ്രസാദവുമായി ഞങ്ങൾക്കടുത്തു വന്നീടേണമേ
സർവ്വാരിഷ്ടതകളിൽ നിന്നും ഞങ്ങളെ
സംരക്ഷിച്ചീടേണമേ, എല്ലാ ക്ലേശങ്ങളിൽ നിന്നും
വ്യഥകളിൽ നിന്നും ഞങ്ങളെ മുക്തരാക്കീടേണമേ.....

എൻ കർമ്മങ്ങളെല്ലാം പരിപൂർണ്ണമാക്കുന്നതു
നീ തന്നെയാണല്ലോ ! ഓ, എൻ പ്രിയ നാഥാ!
എന്നെ ഒരു പരീക്ഷണത്തിനുമിരയാക്കരുതേ...
അനുഗ്രഹസുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തു നിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ...

അങ്ങുതൻ സേവകരാം എൻ മക്കൾ മൂവരേയും
ലോകത്തിൽ നായകന്മാരാക്കിയാലും, അവരാകട്ടെ
ഈ ഉലകത്തിനു മാർഗ്ഗദർശികൾ, അവർ മൂവരും
ഈ ലോകത്തനു പ്രകാശമായിടട്ടെ......

മഹാരാജാക്കന്മാർക്കവർ മാർഗ്ഗോപദേശകരാവണം
അവർ ഓരോരുത്തരും ഏറ്റവും പ്രഭയേറും
ആദിത്യനായിടേണം.....അനുഗ്രഹസുരഭിലമാക്കിത്തരൂ
ഈ ദിനം എന്നെ കാത്തുനിരീക്ഷിച്ചിടുന്നവൻ പരമപരിശുദ്ധൻ

അവർക്കന്തസ്സു ലഭിയ്ക്കേണം ആദരിക്കപ്പെടേണം
ദേശത്തിനഭിമാനമായിടേണം......
സത്യത്തിനോടു സമ്പൂർണ്ണസമർപ്പണമുള്ളവരായിരിക്കേണം
അവർ നിൻ തോഴന്മാരായിരിക്കേണം.

അവരുടെ സന്താനപരമ്പരയും തഴച്ചു വളരേണം
പുഷ്ടിപ്പെടേണം, ഉന്നതി പ്രാപിക്കേണം
അവരിലോരോരുത്തരും ഒരായിരമായ് വളർന്നിടട്ടേ
അനുഗ്രഹ സുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തുനിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ...

അനുനിമിഷം അവിടുന്നു ഞങ്ങളെ നോക്കിടുന്നു...
പരിപാലിച്ചിടുന്നു.. ഞങ്ങൾ തൻ ദുഃഖഭാരങ്ങൾ
ഇറക്കിത്തരുന്നവനും നീയല്ലോ, എല്ലാ
വേദനകളിൽ നിന്നും മുക്തി തരുന്നവനും നീ....
ഞങ്ങൾ തൻ ഹൃദയങ്ങളെ സംശുദ്ധമാക്കി
അതിൽ സത്യം നിറയ്ക്കുന്നവനും നീതന്നെയല്ലോ
അനുഗ്രഹ സുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തു നിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ.....

വിശ്വാസത്തിൻ ആധാരമാകും ഖുർഖാൻ
അങ്ങു ഞങ്ങളെ പഠിപ്പിച്ചു, അതിൽ നിന്നു
ഞങ്ങൾക്കറിവു ലഭിച്ചു, ശൈത്വാൻ ഞങ്ങളിൽ
നിന്നും ഏറെ ദൂരെ മാറ്റപ്പെട്ടു
ഇതെല്ലാം നിൻ കാരുണ്യം, നിൻ അനുഗ്രഹങ്ങൾ

ഞാനെൻ ജീവിതം നിനക്കായ് സമർപ്പിച്ചീടട്ടെ.....
അനുഗ്രഹസുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തുനിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ....

അങ്ങുതൻ പ്രവാചകൻ അവതരിച്ചു
തെല്ലും വൈകാതെ അദ്ദേഹം ഞങ്ങൾക്ക്
അങ്ങയെ കാട്ടിത്തന്നു, ഞങ്ങൾക്കു
സുദൃഢവിശ്വാസം കൊണ്ടുത്തന്നു, എല്ലാ
പുതിയ ആചാരങ്ങളും തുടച്ചു നീക്കിത്തന്നു...
സത്യത്തിലേക്കു ഞങ്ങളെ വിളിച്ചു.....
അങ്ങയോടേറ്റവും അടുത്ത ആളായതിനാൽ
ഞങ്ങളേയും അങ്ങയിലേക്കടുപ്പിച്ചു...
അനുഗ്രഹസുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തുനിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ...

ഓ, എൻ പ്രിയനേ, എനിയ്ക്കു പ്രിയപ്പെട്ടവരെയെല്ലാം
ഞാൻ നിനക്കു ബലിയായ് നൽകിടുന്നു
നീ തന്ന അനുഗ്രഹങ്ങൾ കണക്കറ്റവയാണ്
ഏറെ വലുതാണ്, അവയെണ്ണിത്തിട്ടപ്പെടുത്തുന്നതിൽ
ഞങ്ങൾ പരാജിതരാണ്.....

ദുഃഖഭാരങ്ങളാലെൻ ഹൃദയ രക്തം വാർന്നൊലിച്ചീടുന്നു
ഈ പേടകമൊന്നു കരയിലെത്തിച്ചിടൂ...
അനുഗ്രഹസുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തുനിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ....

എൻ ഹൃദയം നിറയെ അങ്ങു മാത്രമാകുന്നു,
അനുനിമിഷം അങ്ങയെ അറിയുന്നു ഞാൻ
എന്നിലെ പ്രകാശത്തിനു കാരണം അങ്ങുമാത്രമാണ്
എന്നിലെ പൂർണ്ണചന്ദ്രനും അങ്ങു തന്നെയല്ലോ

അങ്ങയെ മാത്രമല്ലോ ഞാൻ വിശ്വസിച്ചിരിക്കുന്നതും
സർവരും അർപ്പിച്ചിരിക്കുന്നതും....
നിന്നുമ്മറപ്പടിയിൽ വീണു കിടക്കുന്നിതാ
എൻ ശിരസ്സ്....
അനുഗ്രഹസുരഭിമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തുനിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ....

അങ്ങയോടുള്ള സ്നേഹത്താൽ എൻ ഹൃദയത്തെ
നിർഭരമാക്കിയ നിമിഷം മുതൽ അനുഭവിച്ചീടുന്നു
ഞാൻ നൂറുനൂറു കണക്കിനു പീഢകൾ
എൻ ശരീരത്തെ പൊടിപടലങ്ങളിൽ
കിടന്നുരുളാൻ ഞാൻ വിട്ടുകൊടുത്തു
എന്നാത്മാവിന് അസഹ്യമായ വേദന
ഞാൻ നൽകാൻ തുടങ്ങി...
എന്നിരുന്നാലും ഞാൻ അങ്ങയോടു
കടപ്പെട്ടിരിക്കുന്നു എന്തെന്നാൽ എനിയ്ക്കെന്നെ
നഷ്ടപ്പെടുത്തിയും നിന്നെ കണ്ടെത്താൻ
കഴിഞ്ഞിരിയ്ക്കുന്നു അനുഗ്രഹസുരഭിലമാക്കിത്തരൂ
ഈ ദിനം, എന്നെ കാത്തുനിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ...
നിൻ തിരുമുഖപ്രസാദവും ശാന്തതയും കണ്ടതും
ആ നക്ഷത്രപ്രഭ ഞങ്ങളിലും തിളങ്ങിത്തുടങ്ങി
എൻ ലക്ഷ്യങ്ങളെല്ലാം നേടാൻ കഴിഞ്ഞു
എൻ പാനപാത്രമിന്നിതാ നിറഞ്ഞുതുളുമ്പുകയായി

ഓ, എൻ പ്രഭുവേ! നിന്റെ അനുഗ്രഹമൊന്നു കൊണ്ടു
മാത്രമാണ് ഞാനെന്റെ ലക്ഷ്യങ്ങൾ നേടിയത്.
അനുഗ്രഹസുരഭിലമാക്കിത്തരൂ ഈ ദിനം,
എന്നെ കാത്തു നിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ....

എല്ലാ സുഹൃത്തുക്കളുമെത്തി, അങ്ങാണ് ഈ
ദിനങ്ങൾ എനിയ്ക്കായ് പുലർത്തിയത്....
എൻ സ്നേഹമേ അങ്ങു തൻ മഹത്കാരുണ്യമാണ്
എന്റെ ഈ പ്രിയപ്പെട്ടവരെ ഇവിടെ
എനിയ്ക്കരുകിലെത്തിച്ചത്.....
എന്റെ ആഗ്രഹങ്ങളെല്ലാം നിറവേറിയ ആ
അനുഗ്രഹീത ദിനമിതാ പുലർന്നിരിയ്ക്കുന്നു....
അനുഗ്രഹസുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തു നിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ....

ആത്മബന്ധം കൊണ്ട് ഇവിടെയെത്തിയ
എല്ലാ അതിഥികളും ഒരുപാടൊരുപാടു
സ്നേഹം കൊണ്ടുവന്നിരിയ്ക്കുന്നു....
ഇതെൻ ഹൃദയത്തെ സന്തുഷ്ടമാക്കുന്നു....
എന്നാത്മാവാർത്തുല്ലസിയ്ക്കുന്നു...
എങ്കിലും ഇവരൊക്കെ വിടവാങ്ങും നിമിഷമോർത്ത്
എൻ ഹൃദയം വിങ്ങുന്നുമുണ്ട്
അനുഗ്രഹസുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തുനിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ........

ഈയുലകം പക്ഷേ ഒരു താത്ക്കാലിക
വാസസ്ഥലം മാത്രമല്ലോ, വരുന്നവരെല്ലാം
വിടവാങ്ങേണം നിശ്ചയം, ഒരു നൂറുകൊല്ലക്കാലം
ജീവിച്ചിരിയ്ക്കുകിലും അവസാനമൊരുനാൾ
അവനു തൻ അന്ത്യശ്വാസം എടുത്തിടേണം

പരാതിപ്പെടാനൊരുവസരവുമില്ലതാനും
ഈ വാസസ്ഥലം ഒരിയ്ക്കലും ശാശ്വതമല്ല.
അനുഗ്രഹസുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തുനിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ..

ഓ, എൻ സുഹൃത്തുക്കളേ, എൻ പ്രിയപ്പെട്ടവരേ
ഇവിടം കഴിഞ്ഞുള്ള ജീവിതം മറന്നുപോകരുതേ....
അതിലേക്കുള്ള യാത്രയ്ക്കായ് നിങ്ങൾ സമ്പാദിച്ചു
വയ്ക്കുക, സദ്പ്രവൃത്തികൾ ചെയ്യുന്നതിൽ
വ്യാപൃതരായിരിക്കുക, ഈ ലോകം വെറുമൊരു
ഇടത്താവളം മാത്രം, അതിനെ നിങ്ങളുടെ
ഹൃദയത്തിൽ നിന്നും മായ്ച്ചു കളഞ്ഞേക്കൂ...
അനുഗ്രഹ സുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തുനിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ.....

നിങ്ങളുടെ ഹൃദയങ്ങൾ ഇഹലോകസുഖത്തെ
സ്നേഹിയ്ക്കാൻ ഇടവരരുത്... നിങ്ങൾ തൻ
ഹൃത്തുക്കളെ അതിൽ നിന്നു സ്വതന്ത്രമാക്കൂ.
ഒരിയ്ക്കലും അതിലേക്കു ചായരുതേ, അഥവാ
ചാഞ്ഞുപോയാലും അതിൽ നിന്ന്
അകന്നു മാറീടേണമേ................

എൻ സുഹൃത്തുക്കളേ, ഇഹലോകസുഖമൊരു
പെരുമ്പാമ്പാണ്.... നിങ്ങൾ തൻ ജീവനെ
അതിൽ നിന്നും സുരക്ഷിതമാക്കി വയ്ക്കൂ...........
അനുഗ്രഹസുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തുനിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ.....

പരമകാരുണികന്റെ ഗ്രന്ഥമാകുന്ന വിശുദ്ധഖുർആൻ
നമ്മെ അറിവിന്റെ പാത പഠിപ്പിച്ചു തരുന്നു
അതാരു വായിച്ചീടിലും അവരിൽ അവൻ തൻ
അനുഗ്രഹങ്ങൾ വർഷിച്ചീടുന്നു.
അതിൽ വിശ്വസിക്കുന്നവർക്ക് അവൻ തൻ
കാരുണ്യമുണ്ടാവട്ടെ.... അനുഗ്രഹസുരഭിലമാക്കിത്തരൂ
ഈ ദിനം, എന്നെ കാത്തുനിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ...

മാർഗ്ഗദർശനത്തിന്റെ അരുവിസ്രോതസ്സാണത്,
അതാർക്കു ലഭിച്ചീടിലും, അതവൻ തൻ
വാക്കുകളാണ്, അതിലൂടെയാണൊരുവൻ
ആ മഹാശക്തിയാൽ തിരഞ്ഞെടുക്കപ്പെട്ട മനുഷ്യനാവുന്നത്

അതു ഹൃദയത്തിൽ പ്രകാശം വർഷിക്കുന്നു
ആ പ്രകാശം ഹൃദയത്തിലേക്കൂർന്നിറങ്ങുന്നു...
അനുഗ്രഹസുരഭിലമാക്കിത്തരൂ,,, ഈ ദിനം
എന്നെ കാത്തുനിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ.........
വിശുദ്ധഖുർആൻ ഓർത്തിരിയ്ക്കുവിൻ
വിശ്വാത്തിൽ സംശുദ്ധരാകുവിൻ
പരലോകജീവിതത്തെക്കുറിച്ചു നിരന്തരം
ചിന്തിയ്ക്കുവിൻ.... അതിനായ് തയ്യാറെടുക്കുവിൻ,
കരുതിവയ്ക്കുവിൻ
ഓ, എൻ പ്രിയരേ! സത്യസന്ധരും
ആത്മാർത്ഥതയുള്ളവരും ആയിരിക്കുക.....
അതു മാത്രമാണ് ഒറ്റമൂലി....
അനുഗ്രഹസുരഭിലമാക്കിത്തരൂ ഈ ദിനം
എന്നെ കാത്തുനിരീക്ഷിച്ചീടുന്നവൻ പരമപരിശുദ്ധൻ...